ശ്രീ. ഒ. കോരൻ: ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സഹകരണ സംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ കൂടുതൽ സൗകര്യമായിരിക്കും. സഹകരണസംഘങ്ങളിൽക്കൂടി പമ്പുസെറ്റുകൾ വാങ്ങി ഉപയോഗിക്കുന്നുണ്ട്. അതുപോലുള്ള പദ്ധതികൾ പ്രയോഗത്തിൽ വരുത്താൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: മുൻഗവൺമെന്റിന് ഒരു പദ്ധതി ഉണ്ടായിരുന്നുവെന്നു പറഞ്ഞുകേട്ടു. ആ പദ്ധതിയുടെ അടിസ്ഥാനത്തിൽ കർഷകത്തൊഴിലാളികൾക്ക് ട്രാക്ടർ കൊടുക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ എന്ന് അന്വേഷിക്കുമോ?

മി. സ്പീക്കർ: സൗകര്യമായിട്ട് അന്വേഷിച്ചു പറയാം.

ശ്രീ. ആർ. എസ്. ഉണ്ണി: കാർഷികരംഗത്ത് യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഫലമായിട്ടും പ്രൊഡക്ഷൻ ടെക്നിക്കുകളിൽ വരുന്ന മാറ്റങ്ങളുടെ ഫലമായിട്ടും ഉൽപ്പാദനം ഗണ്യമായി വർദ്ധിക്കുമെന്നും അതിന്റെ ഫലമായി ഒരുവശത്തു ധനികകൃഷിക്കാരും മറുവശത്ത് പാവപ്പെട്ട കർഷകത്തൊഴിലാളികളും ഉണ്ടാകുമെന്നു പ്രതിപക്ഷനേതാവു പറയുകയുണ്ടായി. അതുകൊണ്ട് ഈ പ്രക്രിയ ത്വരിപ്പിക്കുന്നതിനുവേണ്ടി കർഷകത്തൊഴിലാളികൾക്ക് കൂടുതൽ ടില്ലറുകളും ട്രാക്ടറുകളും വിതരണം ചെയ്യുമോ?

ശ്രീ. ഒ. കോരൻ: കൂടുതൽ വിതരണംചെയ്യുന്ന കാര്യത്തെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പി. കുര്യൻ: രണ്ടു റീജിയണൽ വർക്ക് ഷോപ്പുകൾ ആരംഭിച്ചതായി പറഞ്ഞു. അതുപോലെ വേറെ ചില റീജിയണൽ വർക്ക്ഷോപ്പുകളും ആരംഭിക്കാൻപോകുന്നതായും പറഞ്ഞു. എവിടെയാണ് എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ഒ. കോരൻ: നോട്ടീസു വേണം.

ശ്രീ. എം. കെ. എ. ഹമീദു: സാങ്കേതികവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ചെറുപ്പക്കാരുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഇൻഡ്യൻ ഓയിൽ കമ്പനി അവരുടെ വിൽപ്പന ഏജൻസി അത്തരത്തിലുള്ള ചെറുപ്പക്കാർക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അശോക ഇൻഡസ്ട്രീസ് കോർപ്പറേഷൻ അതിന്റെ വിൽപ്പനഏജൻസി ഇതുപോലുള്ള ചെറുപ്പക്കാർക്ക് കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ഒ. കോരൻ: ഗവൺമെന്റ് അക്കാര്യത്തെപ്പറ്റി ആലോചിച്ചിട്ടില്ല.

വളത്തിന് വില വർദ്ധനവ്

* 179 (700) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

നെൽക്കൃഷിയുടെ വളത്തിനുള്ള വില വർദ്ധിച്ചുവരുന്നത് തടയാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ജലസേചനവും കൃഷിയുംമന്ത്രി (ശ്രീ. ഒ. കോരൻ):

വളത്തിന്റെ വില നിർണ്ണയിക്കുന്നത് കേന്ദ്രഗവൺമെന്റു വിദേശവിപണിയിൽനിന്നും വാങ്ങിക്കുന്ന വളത്തിന്റെ വിലയെ ആശ്രയിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതു കൂടാതെ പത്തു ശതമാനം എക്സൈസ് തീരുവ ഈ വിലയോടു ചേർത്താണ് വിൽപനവില നിശ്ചയിക്കുന്നത്. സംസ്ഥാന ഗവൺമെൻറ് ഈ വില വർദ്ധനവിനെക്കുറിച്ച് കേന്ദ്രത്തോടു നിവേദനം നടത്തിയിട്ടുണ്ട്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: കേഷ്യകമ്മിയുള്ള നമ്മുടെ സംസ്ഥാനത്ത് കേഷ്യകമ്മി നികത്തുന്നതിനുവേണ്ടി രണ്ടുവിളയും മൂന്നു വിളയും കൃഷി ചെയ്യുന്നതിനു തയാറായി കൃഷിക്കാർ മുന്നോട്ടുവരുന്ന സമയത്ത് കേന്ദ്രഗവൺമെൻറ് ഈ സംസ്ഥാനത്തിൻെറ പ്രത്യേകതകളും പരിഗണിച്ച് വളത്തിൻെറ കാര്യത്തിൽ ഒരു സബ്സിഡി നെൽകൃഷിക്കാർക്ക് മാത്രം നൽകാനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. ഒ. കോരൻ: അതിനെസംബന്ധിച്ച് ഈ സഭയിൽ ഒരു അനൗദ്യോഗികപ്രമേയം പാസാക്കുകയുണ്ടായി. അതു കൂടാതെ വളത്തിൻെറ വർദ്ധിച്ചു വരുന്ന വില ചുരുക്കുന്നതിനെസംബന്ധിച്ച് കേന്ദ്രഗവൺമെൻറിൻെറ അടുക്കൽ നിവേദനവും നടത്തിയിട്ടുണ്ട്. അതിൽ അന്തിമമായ ഒരു തീരുമാനം ഇതുവരെയും എടുത്തിട്ടില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ഇതിനുമുമ്പു ഈ നിയമസഭയിൽ ഉന്നയിച്ചിട്ടുള്ളതുപോലെ ഈ സഭയിലെ എല്ലാ ആളുകളും ഒരുമിച്ച് ഇക്കാര്യത്തിൽ കേന്ദ്രഗവൺമെൻറിനോട് നിവേദനം നടത്തുകയും അതുപോലെതന്നെ നമ്മുടെ ഗവൺമെൻറു പ്രത്യേകമായി വളത്തിന് സബ്സിഡി നൽകുന്നതിനായി ഒരു സംഖ്യ നീക്കിവയ്ക്കുന്നതിനും തയാറാകുമോ?

ശ്രീ. ഒ. കോരൻ: അക്കാര്യം ഗവൺമെൻറിൻെറ സാമ്പത്തിക കഴിവനുസരിച്ച് മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളു. അതിനെ സംബന്ധിച്ച് ഇപ്പോഴൊന്നുംതന്നെ ആലോചിച്ചിട്ടില്ല.

ശ്രീ. കെ. ജി. നീലകണ്ഠൻനമ്പൂതിരിപ്പാട്: ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലുള്ള കൃഷിക്കാർ സ്വീകരിക്കുന്നതുപോലെയല്ല കേരളത്തിലെ കൃഷിക്കാർ വളത്തിൻെറ കാര്യത്തിൽ സ്വീകരിക്കുന്നത്. മറ്റുള്ള സംസ്ഥാനങ്ങളിലുള്ള കൃഷിക്കാർ രാസവളം ചുരുക്കമായിട്ടേ ഉപയോഗപ്പെടുത്തൂ. എന്നാൽ കേരളത്തിലുള്ള ചെറുകിടകൃഷിക്കാർപോലും രാസവളമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ട് രാസവളം കേരളത്തിൽ ലഭിക്കുന്നതിന് വിലയുടെ കാര്യത്തിൽ കുറവു വരുത്തിയില്ലെങ്കിൽ കേരളത്തിലെ വമ്പിച്ച ഭൂരിപക്ഷമുള്ള ചെറുകിടക്കാർ തകർന്നുപോകുമെന്നുള്ള കാര്യം കണക്കിലെടുത്തു വളത്തിൻെറ വിലയിൽ കുറവു വരുത്തുന്നതിന് സത്വരനടപടികളും സ്വീകരിക്കുമോ?

ശ്രീ. ഒ. കോരൻ: കർഷകർ 1961–62 ൽ ഉപയോഗിച്ചിരുന്നതിനെക്കാളും കൂടുതൽ രാസവളം 1967–68ൽ ഉപയോഗിക്കുന്നുണ്ടെന്നു കണക്കുകളും പരിശോധിച്ചാൽ കാണാവുന്നതാണ്. 1967–68 ൽ നൈട്രജൻ 22,974 മെട്രിക്ടണും, ഫോസ്ഫോറിക് ആസിഡ് 15,662–ും, പൊട്ടാഷ് 13,534–ും ഉപയോഗിക്കുകയുണ്ടായി. 1961–62 ൽ നൈട്രജൻ 6,264–ും, ഫോസ്ഫോറിക് ആസിഡ് 8,461–ും പൊട്ടാഷ് 2,248-ഉം ഉപയോഗിക്കുകയുണ്ടായി. 1961–62 ൽ ഉപയോഗിച്ചിരുന്നതിനെക്കാളും കൂടുതൽ കഴിഞ്ഞവർഷം ഉപയോഗിച്ചിരുന്നുവെന്നു കാണാം. രാസവളങ്ങളും ഉപയോഗിച്ച് കൃഷിചെയ്യാൻ കൃഷിക്കാർ സ്വയം തയാറാണെന്നു ഇതിൽനിന്നുതന്നെ മനസിലാക്കാവുന്നതാണ്. ട്രാക്ടറും ടില്ലറും ഉപയോഗിക്കാൻ തുടങ്ങിയതിൻെറ ഫലമായി കൃഷിക്കാർക്ക് വളരെയധികം ഗുണകരമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺജേക്കബ്: ലോകവിപണിയിൽ വളത്തിന് ഇൻഡ്യയിലുള്ള വളത്തിനുള്ള വിലയുടെ പകുതി മാത്രമേയുള്ളുവെന്നുള്ള കാര്യം ഗവൺമെൻറിനറിയാമോ? മാത്രമല്ല മന്ത്രി പറയുകയുണ്ടായി പുറത്തു നിന്നുവരുന്ന വളത്തിൻെറ വിലയുടെ അടിസ്ഥാനത്തിലാണ് ഇവിടെ വളത്തിൻെറ വില നിശ്ചയിക്കുന്നതെന്ന്. എൻെറ അഭിപ്രായത്തിൽ അത് തെറ്റാണ്. ഇവിടെ ഉൽപാദനച്ചെലവ് വളരെയധികം കൂടുതലായതുകൊണ്ട് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വളത്തിൻെറ വിലയുടെ അടിസ്ഥാനത്തിലാണ് ഇൻഡ്യാഗവൺമെൻറ് വിലനിശ്ചയിച്ചിരിക്കുന്നതെന്ന് അറിയാമോ?

ശ്രീ. ഒ. കോരൻ: ഇവിടെ തന്നിട്ടുള്ളതനുസരിച്ച് വളത്തിൻെറ വില ഇറക്കുമതി ചെയ്യുന്ന വളത്തിൻെറ വിലയെ ആശ്രയിച്ചിരിക്കുമെന്നാണ്. അതു നമ്മുടെ സ്റ്റോററിൻെറ കാര്യം മാത്രമാണെന്നു തോന്നുന്നില്ല.

ശ്രീ. വി. വി. കുഞ്ഞമ്പു: നെൽക്കൃഷിക്കാർ ഉപയോഗിക്കുന്ന വളം എന്ന് ഉദ്ദേശിച്ചിരിക്കുന്നത് രാസവളം മാത്രമാണോ, അതൊ പച്ചിലവളവും കാലിവളവും ഉൾപ്പെടുമോ? കാലിവളത്തിനും പച്ചിലവളത്തിനും ഇവിടെയുണ്ടായിരിക്കുന്ന വില നിയന്ത്രിക്കാൻ എന്താണ് മാർഗ്ഗം?

ശ്രീ. ഒ. കോരൻ: ഈ ചോദ്യം ഇവിടെ ഇറക്കുമതി ചെയ്യുന്ന വളത്തിൻെറ കാര്യം മാത്രമാണ്.

ശ്രീ. എ. വി. കുഞ്ഞമ്പു: വളത്തിനുണ്ടായിരുന്ന സബ്സിഡി നിറുത്തലാക്കിയതിൻെറ ഫലമായി ചെറുകിടകൃഷിക്കാർക്ക് 1968–69 കാലഘട്ടത്തിൽ ഉണ്ടായിരുന്നതുപോലെയുള്ള ആവേശം നെൽകൃഷിയുടെ കാര്യത്തിലില്ലെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മുടെപോലെ ഭക്ഷ്യകാര്യത്തിലും മറ്റും കമ്മിയുള്ള ഒരു സ്റ്റേററിൽ കമ്മി നികത്താനാവശ്യമായിട്ടുള്ള സബ്സിഡിയെങ്കിലും കേന്ദ്രഗവൺമെൻറ് നൽകണമെന്നു കാണിച്ച് വല്ല മെമ്മോറാണ്ടവും ഈ ഗവൺമെൻറു കേന്ദ്രഗവൺമെൻറിലേയ്ക്ക് നൽകിയിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: കേന്ദ്രഗവൺമെൻറിനോടു ശക്തിയായി ഈ ഗവൺമെൻറു ഇക്കാര്യത്തിൽ നിവേദനം നടത്തിയിട്ടുണ്ട്. കൃഷിക്കാർക്ക് കൃഷി ചെയ്യുന്നതിൽ മുമ്പുണ്ടായിരുന്ന ആവേശം ഒരുതരത്തിലും താണുപോകത്തക്കവിധത്തിലുള്ള യാതൊരു നടപടിയും ഉണ്ടാകരുതെന്നാണ് ഗവൺമെൻറിൻെറ വിചാരം. മുമ്പുണ്ടായിട്ടുള്ളതിൽനിന്നും ഒട്ടുംതന്നെ ആവേശം കുറഞ്ഞിട്ടില്ലെന്ന് കാണാവുന്നതാണ്. ഇനി അതിൽ യാതൊരുവിധത്തിലുള്ള തടസ്സവും ഉണ്ടാകരുതെന്നുള്ള വിചാരത്തോടുകൂടി കേന്ദ്രഗവൺമെൻറിൻെറ മുമ്പാകെ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിൽനിന്നെല്ലാമാണ് ഹരിത വിപ്ലവത്തിനുള്ള ആവേശംതന്നെ ഉണ്ടായിട്ടുള്ളത്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ഹരിതവിപ്ലവം എന്നു പറഞ്ഞാൽ കർഷകത്തൊഴിലാളികളുടെ ജോലിദിവസം കുറഞ്ഞു പോകുന്നതാണോ?

മി. സ്പീക്കർ: ഇത് വളത്തിൻെറ വിലയെസംബന്ധിച്ചുള്ള ചോദ്യമാണ്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: കേന്ദ്രഗവൺമെൻറു വളത്തിന് സബ്സിഡി അനുവദിക്കണമെന്ന് ശക്തിയായി നിവേദനം നടത്തുന്നതോടൊപ്പം, ഒരു നിശ്ചിതസംഖ്യ സംസ്ഥാനഗവൺമെൻറ് നീക്കിവച്ച് വളത്തിന് സബ്സിഡി കൊടുക്കാൻ തയാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ: അതിന് പെട്ടെന്ന് ഉത്തരം പറയാൻ സാധിക്കുകയില്ല.

ശ്രീ. സി. എം. കുട്ടി: വളം വിതരണകാര്യത്തിൽ എഫ്. എ. സി. ടി. മാത്രമല്ലാതെ മറ്റു ഏജൻസികളെ കൂടി ഈ രംഗത്തേക്ക് കൊണ്ടു വരാമോ?

ശ്രീ. ഒ. കോരൻ: അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

ഇലക്ട്രിക് കണക്ഷൻ

* 180 (701) ശ്രീ. എ. കെ. അപ്പു:

,, പി. എസ്. നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) എസ്റ്റിമേറ്റു തയ്യാറാക്കുകയും കക്ഷികൾ മിനിമം ഗാരണ്ടി നൽകുകയും ചെയ്തുകഴിഞ്ഞിട്ടും വിദ്യുച്ഛക്തി നൽകാൻ നടപടി ആരംഭിച്ചിട്ടില്ലാത്ത എത്ര പണി ഫെബ്രുവരി 1-ാം തീയതി നിലവിൽ ഉണ്ട്;

(ബി) മൂന്നു മാസത്തിലധികം പഴക്കമുള്ള അപേക്ഷകൾ ജില്ലാ അടിസ്ഥാനത്തിൽ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തി ഉപയോഗിക്കുവാൻ കഴിയാത്ത രീതിയിൽ, എല്ലാ നടപടികളും, പൂർത്തിയാക്കിക്കഴിഞ്ഞിട്ടും, ചില ഉപകരണങ്ങളുടെ അഭാവംകൊണ്ട് അനേകായിരം അപേക്ഷകൾ ഇലക്ട്രിസിറ്റി ബോർഡിൽ കെട്ടിക്കിടക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വേണ്ടത്ര അലൂമിനിയം കമ്പിയില്ലാത്ത കാരണത്താൽ പണി പൂർത്തിയായിട്ടുപോലും ഉപഭോക്താക്കൾക്ക് വിദ്യുച്ഛക്തി കിട്ടാതെ വിഷമിക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഈ) നടപടിക്രമങ്ങൾ പൂർത്തിയായിക്കഴിഞ്ഞാൽ ചുരുങ്ങിയത് മൂന്നു മാസത്തിനുള്ളിൽ കണക്ഷൻ നൽകാൻ ആവശ്യമായ നടപടികൾ എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (എ,ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) കാലതാമസം ഒഴിവാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: ഇൻഡ്യാഗവൺമെൻറിന്റെ റിപ്പോർട്ടിലുള്ളത് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളാ ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ മുൻപന്തിയിൽ എത്തിയിട്ടുണ്ടെന്നാണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് പല ഗ്രാമങ്ങളിലും ഇന്നും ഇലക്ട്രിസിറ്റി കിട്ടാതെയിരിക്കുകയാണ്. ഈ അവസരത്തിൽ നമുക്ക് ഇനി എത്ര കൂടുതൽ ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നും ആവശ്യമായിട്ടുള്ള കണക്ഷൻ എല്ലാ സ്ഥലത്തും കൊടുക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാൻ കഴിയുമെന്നും പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly